**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3415** **26-06-2024 - ൽ മറുപടിയ്ക്ക്**

**തോട്ടഭൂമി കയ്യേറ്റങ്ങൾ തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തോട്ടഭൂമി കയ്യേറ്റം ഉൾപ്പെടെയുള്ള കയ്യേറ്റങ്ങൾ തടയുന്നതിനും കയ്യേറിയ ഭൂമി തിരികെ പിടിക്കുന്നതിനുമായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) | സ്വാതന്ത്ര്യത്തിന് മുമ്പ് വിദേശ കമ്പനികളും പൗരൻമാരും സംസ്ഥാനത്ത് കൈവശം വച്ചിരുന്ന ഭൂമി തിരിച്ചെടുക്കുന്നതിന് ഭൂ സംരക്ഷണ നിയമം പ്രകാരം നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നു. സർക്കാർ ഗ്രാന്റുകളിലും പാട്ടങ്ങളിലും ഉൾപ്പെട്ട തോട്ടഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമ പ്രകാരം നടപടി സ്വീകരിക്കുന്നതിന് മുൻപ് വകുപ്പുകളില്ലായെന്ന് നിരീക്ഷിച്ചുകൊണ്ട് പ്രസ്തുത ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിന് സിവിൽ കേസുകൾ ഫയൽ ചെയ്യുവാൻ ബഹു.ഹൈക്കോടതി വിവിധ റിട്ട് ഹർജികളിലായി ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ 06/06/2019 ലെ ജി.ഒ.(എം.എസ്) 172/19/റവ. നമ്പർ ഉത്തരവ് പ്രകാരം, പ്രസ്തുത ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സിവിൽ കേസുകളിലൂടെ സ്ഥാപിക്കുന്നതിനായി ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ചെറുതും വലുതുമായ ആകെ 152 കേസുകളിൽ 20 എണ്ണത്തിൽ സിവിൽ കേസുകൾ ഇതിനോടകം ഫയൽ ചെയ്തിട്ടുള്ളതാണ്. ശേഷിക്കുന്ന കേസുകളിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957 ഉം 1958 ലെ അനുബന്ധ ചട്ടത്തിലെയും 2009ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 10/09/2018ലെ സർക്കാർ ഉത്തരവ് (സാധാ.)നം.3778/2018/റവ. പ്രകാരം ജില്ലാ തലത്തിലും താലൂക്ക് തലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുള്ളതും ഈ ടീം വിവിധ |

| | | | |
|---|---|---|---|
| | | | വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് താലൂക്ക് സർവ്വെയറുടെ സഹായത്തോടെ പൊതു അവധി ദിവസങ്ങൾ ഉൾപ്പെടെ സ്ഥല പരിശോധനകൾ നടത്തി കയ്യേറ്റം തടയുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതും കയ്യേറ്റം കണ്ടെത്തുന്ന പക്ഷം അത്തരം കയ്യേറ്റങ്ങൾ സമയബന്ധിതമായി തന്നെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. ടി സർക്കാർ ഉത്തരവിൻ പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിലാക്കുന്നതിലേക്കായി ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണർ, അസിസ്റ്റന്റ് കമ്മീഷണർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള മോണിറ്ററിംഗ് സെൽ വഴിയും തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. 08/11/2008നു ശേഷമുള്ള കയ്യേറ്റമാണെങ്കിൽ 2009ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) നിയമ പ്രകാരം കയ്യേറ്റ കക്ഷിക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കയ്യേറ്റ കേസുകളിന്മേൽ ഉണ്ടാകുന്ന അപ്പീൽ/റിവിഷൻ ഹർജികളിൽ തീരുമാനം എടുക്കുന്നതിനുള്ള അധികാരം ഒഴികെ കേരള ഭൂസംരക്ഷണ നിയമ പ്രകാരം ജില്ലാ കളക്ടർക്കുള്ള അധികാരങ്ങൾ സിദ്ധിച്ചിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജലസേചനം, പൊതുമരാമത്ത്, വനം വകുപ്പ് തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് കയ്യേറ്റം കേരള ഭൂസംരക്ഷണ നിയമ നടപടികളിലൂടെ ഒഴിപ്പിക്കുന്നതിന് അധികാരം ലഭ്യമായിട്ടുള്ളതാണ്. ടി വകുപ്പുകളുടെ കൈവശമുള്ള ഭൂമികളിലാണ് കയ്യേറ്റം കണ്ടെത്തുന്നതെങ്കിൽ പ്രസ്തുത കയ്യേറ്റം ശ്രദ്ധയിൽപ്പെടുത്തുന്ന മുറയ്ക്ക് കയ്യേറ്റം അളന്നു തിട്ടപ്പെടുത്തി മഹസ്സർ, സ്കെച്ച് എന്നിവ സഹിതം ടി വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനായി റവന്യൂ വകുപ്പ് കൈമാറി വരുന്നു. കേരള ഭൂസംരക്ഷണ നിയമ പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് അധികാരം സിദ്ധിച്ചിട്ടില്ലാത്ത വകുപ്പുകളുടെ ഭൂമിയിലെ കയ്യേറ്റം റവന്യൂ വകുപ്പ് മുഖാന്തിരവും ഒഴിപ്പിച്ച് ഏറ്റെടുത്ത് കൈമാറി വരുന്നു. |
| (ബി) | നാളിതുവരെ എത്ര ഹെക്ടർ തോട്ടഭൂമി ഇത്തരത്തിൽ പിടിച്ചെടുത്തു; ഇനിയും എത്ര ഹെക്ടർ പിടിച്ചെടുക്കുവാനുണ്ട്; കണക്ക് ലഭ്യമാക്കുമോ; | (ബി) | നിലവിൽ വിവിധ ജില്ലകളിലായി ഏകദേശം 1,66,627.23 ഏക്കർ ഭൂമിയാണ് ഏറ്റെടുക്കാൻ നിലവിലുള്ളത്. ഭൂമിയിന്മേലുള്ള ഉടമസ്ഥതാവകാശം സ്ഥാപിക്കുന്നതിനുവേണ്ടി 06.06.2019 തീയതിയിലെ ജി.ഒ.എം.എസ് 172/2019/റവ ഉത്തരവ് പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (സി) | കൈവശം വച്ചിരിക്കുന്ന തോട്ടഭൂമി പിടിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരങ്ങളിൽപ്പെട്ട് എത്ര കേസ്സുകൾ ഉണ്ടെന്നും ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കാൻ വകുപ്പ് സ്വീകരിച്ചുവരുന്ന തുടർനടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ? | (സി) | പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ നെല്ലിയാംപതി വില്ലേജിൽ 314.4508 ഹെക്ടർ ഭൂമിയെ സംബന്ധിച്ച് ബഹു.ഹൈക്കോടതി മുമ്പാകെ WP(C) 34072/2014(H) നമ്പരായികേസും, കാസർഗോഡ് ജില്ലയിൽ ബളാൽ വില്ലേജിൽ പ്രകാശ് പ്ലാന്റേഷൻസ് പ്രൈവറ്റ് ലിമിറ്റഡ് തോട്ടഭൂമി അധികൃതർ പ്ലോട്ടുകളാക്കി സ്വകാര്യ വ്യക്തികൾക്ക് വില്പന നടത്തിയതുമായി ബന്ധപ്പെട്ട് OP No. 34678/21 പ്രകാരം കേസും നിലവിലുണ്ട്.<br><br>ഉടമസ്ഥത സംബന്ധിച്ച് തർക്കം നിലനിൽക്കുന്ന ഭൂമിക്കെതിരെ സിവിൽ കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ 06/06/2019-ലെ സ.ഉ.(കൈ.) 172/2019/റവ. ഉത്തരവിൻ പ്രകാരം സ്വീകരിച്ചുവരുന്നു. HML കമ്പനിയും അവരിൽ നിന്ന് ഭൂമി നേടിയവരും സമാനമായ മറ്റ് കമ്പനികളും വ്യക്തികളും കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, തിരുവനന്തപുരം ജില്ലകളിലായി കൈവശം വച്ചിരിക്കുന്ന 46,337 ഏക്കർ ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി 19 സിവിൽ കേസുകൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ നിലവിൽ ഫയൽ ചെയ്തിട്ടുണ്ട്. ടി കേസുകൾ വിവിധ കോടതികളുടെ പരിഗണനയിലാണുള്ളത്. മറ്റ് ജില്ലകളിലെ സമാനമായ ഭൂമിക്കെതിരെയും സിവിൽ കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഫയൽ ചെയ്തിട്ടുള്ള സിവിൽ കേസുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**Details of Civil Cases filed by the State against M/s HML and similar companies for establishing the title as per G.O(Ms)172/2019/RD Dated 06.06.2019, As on : 30.05.2024**

| Sl No | Tiltle case No and date | Defendants | Area of Estate in Acres | District/ taluk | Court Name/ Status |
|---|---|---|---|---|---|
| 1 | OS 72 /2019- Dec 19 & IA 07/2020 - 19 jun 20 | Ayana Charitable Trust (Former Gospel for Asia) known as Cheruvally Estate, & HML ( 2nd defendant ) | 2263.80 | Kottayam / Kanjirapally Taluk- Erumely South & Manimala Villages ( Land earmarked & being acquired for construction of Sabarimala Green filed Airport) | Sub Court Palai / Pending (Further proceedings in the case has been stayed by Hon'ble High Court vide interim order dtd 10.10.2022 in OP(c) 1887/22 filed by Sri. Stephen Issac) DC Ktym filed counter affidavit for vacating the stay order. Arguments completed during the first week of April 2024 and Hon'ble High Court vide its judgment dated 20.5.24 has dismissed OP(c) 1887/2022 along with OP(c) 1931/2022. A certified copy of the judgment is awaited. Hence further proceedings in OS72/2019 can be continued. |
| 2 | OS 10 /2020 Jun 2020 IA3/2021 | Riya Resorts & Properties Pvt Ltd & HML ( 2nd defendant ) | 206.51 | Kollam / Punaloor | Sub Court Punalur / Pending (IA3/2021 filed by the defendant company was dismissed on 6.10.23 and against that order Riya Resorts filed CRP 314/2023 before High Court. On 6.1.2023 the court issued an interim stay order in the further proceedings in OS 10/2020 and it is pending before H C) |

| | | | | | |
|---|---|---|---|---|---|
| 3 | OS 47/2020<br>Jul 2020 | M/s Harrisons Malayalam Ltd & 6 others | 9293.74 | Pathanamthita /Konni & Ranni | Sub Court PTA / Pending |
| 4 | OS56/2020<br>04.12-2020<br>RFA 289/2023<br>IA 1 /2023 | Travancore Rubber & Tea Co Ltd | 7373.67 | Idukki and Kottayam District– Peermade & Kanjirapally | Sub Court Kattappana / case dismissed by the Court allowing the claim of Adverse possession by the defendant company vide order dated 18.8.23 in IA No 2/23 filed by TR & T Co. The Govt filed appeal against the order before Hon'ble High Court on 09.11.2023 as RFA No 289/2023. Hon'ble HC issued an interim stay order on 10.01.24 against the judgment in OS56/2020) / pending. |
| 5 | OS02/2021<br>06.01.2021 | Travancore Rubber & Tea Co Ltd | 2699.39 | Kollam Punalur taluk / Ariiencavu & Edamon village | Sub Court Punalur / Pending |
| 6 | OS12/2021<br>27.02.2021 | M/s Harrisons Malayalam Limited | 7588.83 | Kollam District Punalur taluk- Ariiencavu & Thenmala Vill | Sub Court Punalur / Pending |
| 7 | OS43/2021<br>20.12.2021 | M/s Priya Plantations | 492.15 | Kollam District Punalur taluk- Ariiencavu & Thenmala Villages | SubCourt Punalur / Pending |

| | | | | | |
|---|---|---|---|---|---|
| 8. | OS15/2022 22.02.2022 | M/s Harrisons Malayalam Ltd | 1416.63 | Kottayam Dist, Kanjirapally taluk, Erumely North,Erumely South and , Edakkunnam Villages | Sub Court Palai / Pending |
| 9 | OS38/2022 08.04.2022 | M/s Harrisons Malayalam Ltd | 7.65 | Kollam Dist Mundayakkal | Sub Court / Kollam |
| 10 | OS9/2023 14.3.2023 | M/s Harrisons Malayalam Ltd (Suryanalle Estate ) | 2451.00 | Idukki Dist- Devikulam talulk | Sub Court Devikulam / Pending |
| 11 | OS21/2023 21.3.2023 | M/s Southern Filed Ventures Pvt Ltd (Merchinston Estate ) | 707.18 | Tvpm Dist/ Nedumangad taluk/ Thennor Village | Sub Court Nedumangad / vide Interim Order dtd 21.3.23 in IA2/23 has prevented the sale of properties till disposal of the case . Pending |
| 12 | OS13/2023 12.04.2023 | St.Thomas Educational Society | 62.00 | Kollam Dist/ Punalur Taluk/ Aryakavu Village | Sub Court Punalur/ Pending |

| | | | | | |
|---|---|---|---|---|---|
| 13 | OS42/2023 | Bonacaud Estate | 1398.08 | Tvpm Dist /Nedumangad Taluk / Vithura Village | Sub Court Nedumangad / Pending |
| 14 | OS64/2023 05.9.23 & IA 1 /23, 2/23 | Puthukkad Estate ( Union Cardamom Pvt Ltd ) | 207.23 | Tvpm Dist /Nedumangad Taluk/ Thenoor Village | Sub Court Nedumangad / Pending |
| 15 | OS154/2023 16.12.2023 IA1/2023 | Kottamala, Bon Ami Estate (MMJ Plantations ) | 2709.67 | Idukki Dist/ Peermade Taluk/ vagamon & Elappara Villages | Sub Court Kattappana / ( On 21.12.23 an ad-interim injunction order was issued to prevent alienation of the property till 30.1.2024) / pending |
| 16 | OS13 / 2024 Jan 2024 | 1. Boyce Rubber Estate Pvt Ltd 2. HML | 1665.84 | Idukki Dist/ Peermade Taluk/ Kokayar Village | Sub Court Kattappana / pending |
| 17 | OS58 /2024 Feb 24 | Hope Plantations (Gold View Vyapar) Pvt Ltd | 3073.73 | Idukki Dist / Peermade Taluk / Elapapra, Peermade Villages | Sub Court Kattappana / pending |

| | | | | | |
|---|---|---|---|---|---|
| 18 | OS12/2024<br>&<br>IA 1 / 2024<br>Dtd 16.5.2024 | Gudampara (Kanam ) Estate held by Sri. CJD Charle Dilip Roy | 115.71 | Idukki Dist / Udumbanchola Taluk / Santhanpara Villlage | Sub Court Devikulam / Interim Injunction order granted / pending |
| 19 | OS86/2024 &<br>IA1 / 2024<br>dtd 7-5-2024 | M/s Peermade Tea Company Ltd | 2604.66 | Idukki Dist<br>Peermade taluk<br>Upputhara Village | Sub Court Kattappana / Interim Injunction order granted / pending |

**<u>Grand Total Area</u> : 46,337.47 Acres**